# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.233 28/10/2019-ൽ മറുപടിക്ക്

### നവജാത ശിശുമരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. ജോയി** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| നവജാത ശിശുമരണം കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | നവജാത ശിശുക്കളിലെ മെറ്റാബോളിക്ക് അസുഖങ്ങൾ കണ്ടു പിടിക്കുന്നതിനായി Newborn Screening Programme നടപ്പിലാക്കി വരുന്നു. Congenital Hypothyroidsm, Congenital Adrenal Hyperplasia, Congenital Galactosemia, G 6PD deficiency എന്നീ പ്രധാനപ്പെട്ട 4 Metabolic അസുഖങ്ങൾ കണ്ടെത്തുന്നതിനായുള്ള രക്ത പരിശോധന സംസ്ഥാനത്തെ പ്രസവം നടക്കുന്ന പ്രധാന സർക്കാർ ആശുപത്രികളിൽ നടന്നു വരുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും, സംസ്ഥാന ആരോഗ്യ വകുപ്പുമായി യോജിച്ച് മാരക രോഗങ്ങൾ വരാതിരിക്കാനായി രോഗപ്രതിരോധ കുത്തിവെയ്പ്പ് പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. നവജാത ശിശുക്കളിലെ അനാരോഗ്യം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, മറ്റ് സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.<br><br>എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും അണുബാധ മൂലം ശിശുക്കളുടെ മരണം ഒഴിവാക്കുന്നതിനും ജനിതക രോഗങ്ങൾ മൂലവും നേരത്തെയുള്ള പ്രസവം മൂലവുമുള്ള മരണങ്ങൾ കുറയ്ക്കുന്നതിനും ആധുനിക രീതിയിലുള്ള സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പ്രസവ മുറികളും ഓപ്പറേഷൻ തീയേറ്ററുകളും ന്യൂബോൺ നഴ്സറികളും കൃത്യമായി അണുവിമുക്തമാക്കുകയും ചെയ്തു വരുന്നു. കൂടാതെ "ലക്ഷ്യ" പദ്ധതിയുടെ ഭാഗമായി എല്ലാ ആശുപത്രികളിലെയും പ്രസവ മുറികളും ഓപ്പറേഷൻ തീയേറ്ററുകളും ആധുനികവൽക്കരിക്കുകയാണ്. അണുബാധ തടയുന്നതിനും ജനനത്തോടെ ആരോഗ്യക്കുറവുള്ള കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനായി ആശുപത്രികളിലും O.B.N, I.B.N നഴ്സറികൾ പ്രവർത്തിച്ചുവരുന്നു. നവജാത ശിശുക്കളുടെ ചികിത്സയ്ക്കായി വെന്റിലേറ്ററുകൾ, surfactant തെറാപ്പി CPAD machines, warmer തുടങ്ങിയ ഉപകരണങ്ങൾ |

| | | |
|---|---|---|
| | | എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്. നവജാത ശിശുക്കളുടെ മരണം ഒഴിവാക്കുന്നതിന് ഇൻസ്റ്റിസ്റ്റ്യൂഷണൽ ഡെലിവറി പ്രോത്സാഹിപ്പിക്കുന്നതിനായി അമ്മയും കുഞ്ഞും പദ്ധതി മുഖാന്തിരം പ്രസവത്തിനായി വരുന്നവർക്ക് സൗജന്യ ചികിത്സ, മരുന്നുകൾ, ലാബ് ടെസ്റ്റുകൾ, യാത്രാപ്പടി എന്നിവ നൽകി വരുന്നു. "R.B.S.K" പദ്ധതി പ്രകാരം നവജാത ശിശുക്കൾക്ക് 18 വയസ്സ് വരെ, ജന്മനായുള്ള മാരക രോഗങ്ങൾക്കും "ആരോഗ്യ കിരണം" പദ്ധതി പ്രകാരം ജന്മനായല്ലാതെ വരുന്ന മാരക രോഗങ്ങൾക്കും സൗജന്യ ചികിത്സ നൽകിവരുന്നു. ജന്മനാലുള്ള ഹൃദയ സംബന്ധമായ അസുഖങ്ങൾ കണ്ടെത്തി ചികിത്സ നൽകുകയും മരണ നിരക്ക് കുറയ്ക്കുന്നതിനുമായി "ഹൃദ്യം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാസം തികയാതെയുള്ള പ്രസവത്തെത്തുടർന്ന് കുഞ്ഞുങ്ങളുടെ മരണം കുറയ്ക്കുന്നതിനായി മുലയൂട്ടൽ അവബോധ ക്ലാസുകൾ REIC യുടെ സേവനം, അണുബാധ കുറയ്ക്കുന്നതിനായുള്ള നടപടികൾക്കായി ഇൻഫെക്ഷൻ കൺട്രോൾ മീറ്റിംഗുകൾ എന്നിവ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കൃത്യമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ